Hydel Bullet
A Monthly Publication of the Kerala State Electricity Board Engineers Association

# When the Entire Nation Demands Pay Revision, How KSEB alone can deny the long pending Pay Revision to its Engineers and Employees??????

"Dissatisfied with 300% pay rise, MPs hold up Lok Sabha" was the front page head line news appeared in all leading dailies during the 3rd week of previous month. The MPs have been continuously stalling the proceedings of the House in protest against Union Cabinet decision not to fully accept the whopping 500% hike in basic salary recommended by the joint parliamentary committee. Though the hefty allowances being enjoyed have been liberally doubled, the MPs yielded only after getting an addition in the doubled Constituency allowance by another Rs. 10,000 taking to Rs. 50,000 per month. This kind of salary revision is in addition to the Executive class level perquisites like Housing, travelling facilities and separate sitting fees for doing their expected job. This is not to say that the salary pack & perks allowed to MPs are disproportionate to their status and duties that the society expects. It is perfectly in par with their status which is equivalent to 'plus 1' of what is being enjoyed by the top level central bureaucrats, as described by themselves. The government had to settle the issue of pay revision to MPs first to get the controversial Nuclear Liability Bill passed, a law that will have far reaching social and strategic consequences to the Nation.

The MPs and beneficiaries of the sixth pay revision alone are now able to meet the both ends of the present day life reasonably satisfactorily in Government sector of this state. The State Government already started the process of pay revision to their employees and is expected to be awarded before the Assembly election. The cost of everything except electricity, essential to human from foot to thought, that is right from chappals, sanitary items, food, clothes, cosmetics, health care, travel, housing, books & periodicals up to education, have been multiplied many fold from the 2003 price level, based on which the present pay structure is formulated in KSEB. The state has been witnessing various politically sponsored bandh and hartals connected to price rise issues ➲

KSEB Engineers Association
**Office Bearers - 2010 - 2011**

ASSOCIATION

President
Er. G.S. AJIKUMAR

Vice-President
Er.EBANEZER SAMJI

General Secretary
Er. GEORGE MATHEW

Treasurer
Er.A. RAJENDRAN

Organising Secretaries
Er.V. RANJIT KUMAR (S)
Er.T.B. JAGATHY (N)

Secretaries
Er.D.S. RAJESH (HQ)
Er.EDWIN CALLISTUS (S)
Er.B. SHARATH (N)

BENEVOLENT FUND

Chairman
Er. M. MOHAMMED ALI RAWTHER

Vice Chairperson
Er. SOSAMMA KURUVILA

Secretary
Er K.P. JEEJI FRANCIS

Treasurer
Er.G.SHAJ KUMAR

Joint Secretaries
Er.P.JAYAKRISHNAN
Er.R. MANOJ

EDITORIAL BOARD

Chief Editor
Er. S.GEETHA KUMARI

Associate Editor
Er.K. SUNIL
Er.NIRMALA KURIEN

Ex. Officio Members

Er. GEORGE MATHEW
Er. D.S. RAJESH
Er.V. RANJIT KUMAR

at state level, the latest one being the Trade Unions sponsored National hartal on 7th, which also went "total & peaceful" in Kerala & W.B as usual. (For that matter, even if the US President Barrak Obama call for a Global hartal against loss of job to Americans due to outsourcing, it would be "total & peaceful" in these states). Since after this latest hartal, the price of petrol & diesel, with in a fortnight period increased 3 times step by step that remains either un-noticed or un responded. What we are trying to tell is that hartal is no longer the solution to price rise, lest it can only help to cascade inflationary effects which causes price rise. Price rise can only be countered by proportionate rise in earning level by way of salary / wage hike or DA rise whichever is applicable. Apart from few monetary measures to control the velocity of money circulation in the system, the Government is mostly helpless to control the price rise because most of the factors contributing to price rise are beyond the control of the Government. Not only the market forces like Demand-Supply position and natural calamities like draught & flood, but the changing life style that demand more service than products & innovative technology environment etc also affect the general price level in the economy. For instance, the sub-1000cc motor cars had been unaffordable to majority of the salaried class of India till the end of 20th century where as it has started becoming a necessity for that class since the dawn of the present century. Such changing life styles in highly populous countries like India & China increase the demand which in turn push up the world crude oil price. Higher crude price is one of the factors that has given raise to increased input costs and all round price rise. So pushing down the petrol or diesel price artificially cannot ➲

be sustained for long and can be supported only through Government subsidy. Increased subsidy results into higher tax burden. So just as we KSEB bargain before Regulatory Commission for Tariff hike or thermal surcharge to set off the increase in input costs, the Oil PSUs also left with no option but to increase the price for their sustenance without budgetary supports. In short, pay and wage revisions at regular intervals are the characteristic of a growing economy that cannot be resisted or avoided on silly grounds. Pay revisions in organized sectors follows automatic wage rise in unorganized sector.

In spite of the monetary policy exercises by the RBI & Union Government jointly and sev erally, the price rise remains unabated and is squeezing the pockets mercilessly. Last week the government made an attempt to bring down the Wholesale Price Index (WPI) after changing the base year as 2004-05 from 1993-94. By adding 241 new items on top of 435 items that captured the old 1993-94 index, they managed to reduce the inflation in August by 1.3% to a seven month low of 8.5%. Interestingly, the new items they added are the ones hitherto considered as luxury items like cell phones, air conditioners, refrigerators etc that used to be attracting taxes in all budgets of the past. Why we are mentioning all these here is to bring home the fact that the Society perceive an Engineer in KSEB belong to the "above-average middle class" of the society and is expected to lead a life style enjoying products and services at least those appear in the list determining WPI. Above all, their children are expected to receive good education that can be made available today mostly by depending on Self Financing Colleges. No need to project that the present level of salary for Engineers in KSEB is too insufficient to meet all these financial commitments expected of them. So for the sake of not compelling the Engineers to seek alternatives and to contain attrition, it is only prudent on the part of management to honor the commitment and initiate the Pay Revision exercise without any further delay.

Pay Revision is our right as well as the Organization's commitment. So far, the Management has been unethically objecting to under the excuse of Regulators' remarks in the ARR & ERC order. The Regulator has rightly cleared the mess and is slowly realizing the ground realities and complexities of State Power Sector which is a good sign. Further, the argument of the Regulator that the provision shown for salary revision in the ARR could not be admitted because the Board has not yet initiated any collective bargaining process sounds logic and shows lapse on the part of Board Management. The interest or disinterest of an individual or so in Board Management cannot deprive the Employees of KSEB of their right to Pay Revision. We demand that the salary and career prospect for Engineers in KSEB is to be made comparable to what is prevailing in Central Power Utilities like NTPC. The Government should honor their commitment and obligation and direct Board to start Pay Revision exercise immediately.

# ഓണം വന്നാലും ഉണ്ണി പിറന്നാലും കോരനു കഞ്ഞി കുമ്പിളിൽ തന്നെ

*Er.N.T.Job*

**പ**ഞ്ചായത്ത് തിരഞ്ഞെടുപ്പ് പ്രഖ്യാപനം വരുമെന്നറിഞ്ഞപ്പോൾ വൈദ്യുതി ബോർഡിൽ ഉത്തരവുകളുടെ മാമാങ്കമായിരുന്നു. ഒരു വിധം എല്ലാ തസ്തികകളിലേയ്ക്കുമുള്ള പ്രമോഷൻ ഉത്തരവുകൾ സെക്കന്റുകൾ വ്യത്യാസത്തിൽ ബോർഡിന്റെ സൈറ്റിൽ അവതരിച്ചുകൊണ്ടിരുന്നു. പ്രമോഷൻ പ്രതീക്ഷകളുമായി കഴിഞ്ഞിരുന്നവർ ക്രിക്കറ്റ് മത്സരം കാണുന്ന ഉത്സാഹത്തോടെ കമ്പ്യൂട്ടറുകൾക്കു മുന്നിൽ അണിനിരന്നു. പ്രമോഷൻ ഉത്തരവിറങ്ങിയാൽ ഉടൻ വിടുതൽതേടി പുതിയ സ്ഥലത്ത് ജോലിയിൽ പ്രവേശിക്കുവാനുള്ള തയ്യാറെടുപ്പുകളുമായി റെഡി, സ്റ്റാർട്ട്, ഗോ എന്ന രീതിയിൽ എന്തിനും തയ്യാറായി നില കൊണ്ടു. പഞ്ചായത്ത് ഇലക്ഷനുകൾ അഞ്ചു വർഷത്തിൽ ഒരിക്കലെന്നതിനു പകരം രണ്ടു വർഷത്തിലൊരിക്കലാക്കുവാൻ ഒരു ഭീമ ഹർജി തന്നെ ഇലക്ഷൻകമ്മീഷനു നല്കുവാൻ ചിലർക്കു താല്പര്യമുണ്ട്.

ഇത്രയൊക്കെ വാരിക്കോരി ഒരു വിധം ആളുകൾക്കൊക്കെ കൊടുത്തപ്പോൾ ഒരു കൂട്ടർ നിരാശരായി കമ്പ്യൂട്ടറുകൾക്കു മുമ്പിൽ കുഴഞ്ഞു വീണു. അത് മറ്റാരുമല്ല അസിസ്റ്റന്റ് എഞ്ചിനിയർമാരിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർമാരായി പ്രമോഷൻ ലഭിക്കുവാനുള്ളവരാണവർ. ഈ വിഭാഗത്തിന്റെ പ്രമോഷനെക്കുറിച്ച് എന്നു ചിന്തിച്ചാലും അതിറങ്ങുന്നതുവരെ മുൾമുനയിലായിരിക്കും. ഇത്തവണ ഇലക്ഷനായതുകൊണ്ട് എന്തായാലും ഇറങ്ങുമെന്ന് എല്ലാപേരും പ്രതീക്ഷിച്ചു, മോഹിച്ചു പോയി. ചില വിശിഷ്ടർ ലിസ്റ്റിലുള്ളതുകൊണ്ട് പ്രത്യേകിച്ചും, പക്ഷെഎന്നത്തെയുംപോലെ ഇത്തവണയും അതിറങ്ങിയില്ല. ഒരു പക്ഷെ ഇതിൽ ഭൂരിപക്ഷത്തിന്റെയും വോട്ടു കണക്കാക്കി നോക്കിയപ്പോൾ മറുകണ്ടം ചാടുമെന്നുറപ്പായതു കൊണ്ടുമാവാം, ഇതിറങ്ങാതെ പോയത്.

ചന്ദ്രനിലേക്കു വിട്ട സാറ്റലൈറ്റ് തിരിച്ച് വിളിച്ചിറക്കുന്നതുപോലെ ഒരുത്തരവ് സൈറ്റിൽ വെളിച്ചം കണ്ടപ്പോഴേക്കും തിരിച്ച് വിളിച്ചു. അതിനിഇലക്ഷൻ കഴിഞ്ഞേ ഇറങ്ങുവെന്ന് വിചാരിച്ചെങ്കിലും അടുത്ത ദിവസം തന്നെ അവതാരരൂപം പ്രാപിച്ചു. ഇത്രയും വേഗത്തിൽ ചെയ്യുവാൻ കഴിവുള്ളവർ മാനവശേഷി മന്ത്രാലയത്തിലുണ്ടായിട്ടും അസിസ്റ്റന്റ് എഞ്ചിനിയർമാർക്ക് പ്രമോഷൻ കൊടുക്കേണ്ടകാര്യം വന്നപ്പോൾ സാധിക്കാതെ പോയി. സാധിക്കാതെ പോയതാണോ അതോ സാധിപ്പിക്കാതെ പോയതാണോയെന്നറിയില്ല. ചില വിഗ്രഹങ്ങൾ പ്രസാദിച്ചില്ലെങ്കിൽ ഇങ്ങിനെയും സംഭവിക്കുമെന്ന് ഒരിക്കൽക്കൂടി ഉറപ്പിച്ചതായിരിക്കാം. ഇതിനു പിന്നിൽ ഗ്രൂപ്പു സമവാക്യങ്ങളുടെ കേളികൊട്ടുണ്ടോയെന്ന് നാർക്കോട്ടിക് പരിശോധനയ്ക്ക് വിധേയമാക്കിയാലെ മനസിലാക്കാൻ സാധിക്കുകയുള്ളൂ.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർമാരുടെ നൂറ്റിയമ്പതോളം തസ്തികകൾ ആളൊഴിഞ്ഞ പുരയിടങ്ങളായി നിലകൊള്ളുമ്പോഴാണ് ഇത്തരത്തിലുള്ള വിവേചനങ്ങൾക്ക് ബലിയാടുകളാവുന്നത്. പത്തും പന്ത്രണ്ടും വർഷമായി അസിസ്റ്റന്റ് എഞ്ചിനിയർമാരുടെ തസ്തികകളിൽ ജോലി ചെയ്യുന്നവർ പുര നിറഞ്ഞു നില്ക്കുമ്പോഴാണ് അവർക്ക്

പ്രമോഷൻ നല്കുവാൻ മടി കാണിക്കുന്നത്.

രണ്ടു വിഭാഗങ്ങൾ തമ്മിലുള്ള തർക്ക വിതർക്കങ്ങൾക്കൊടുവിൽ എങ്ങിനെയെങ്കിലും പ്രമോഷൻ ഉത്തരവുകൾ ഇറങ്ങട്ടെയെന്നുള്ള പ്രാർത്ഥനകളോടെ കാത്തിരിക്കുമ്പോൾ ഇറങ്ങാതെ വരുന്നത് മഹാകഷ്ടമാണ്. കുളം കലക്കി മീൻ പിടിക്കുവാൻ ചൂണ്ടകളുമായി പലരും ചുറ്റിത്തിരിയുന്നുണ്ടെങ്കിലും ആരും തന്നെ ചൂണ്ടയിൽ കൊത്താത്തത് അത്ഭുതമാണ്.

ഇത്തവണ പ്രമോഷൻ നല്കുവാൻ തീരുമാനിച്ചപ്പോൾ ഓരോരുത്തരും എവിടെയാണ് ജോലി ചെയ്യുന്നതെറിയില്ലെന്ന പൊള്ളവാദം നിരത്തി. എന്നാൽ മറ്റ് തസ്തികകളിലൊന്നും തന്നെ ഇത്തരം വിഷമതകളുണ്ടാവാറില്ലെന്നത് ശ്രദ്ധേയമാണ്. ചില തസ്തികകളിലേക്കുള്ള പ്രമോഷനുകൾ ഒരു മാസത്തിൽ തന്നെ ഒന്നും രണ്ടുമിറങ്ങുമ്പോഴാണ് വർഷത്തിലൊരിക്കൽ മാവേലി വരുന്നതു പോലെയെങ്കിലും പ്രമോഷൻ ഉത്തരവ് ഇറങ്ങുവാനായി മോഹിച്ചു പോകുന്നത്.

ബോർഡിനു കീഴിൽ ജോലി ചെയ്യുന്ന ഓരോരുത്തരും ഏത് ആഫീസിലാണ് ജോലി ചെയ്യുന്നതെന്ന് വിഭവശേഷി ഏറെയുള്ള ആഫീസുകളിലറിയില്ലെന്നു വരുന്നത് മഹാകഷ്ടമാണ്. അതിന്റെ കണക്കെടുക്കുവാൻ ആഴ്ചകളോളം വേണ്ടി വരുന്നത് അതിലും കഷ്ടമാണ്.

എന്തായാലും ഇത്തരത്തിലുള്ള കാഴ്ചപ്പാടുകൾ മാറിയേതീരൂ. സമയത്തിന് പ്രമോഷൻ ലഭിക്കുവാൻ അസിസ്റ്റന്റ് എഞ്ചിനിയർമാർക്കും അവകാശമുണ്ടെന്നത് അംഗീകരിച്ചേ മതിയാവൂ. അതിനെതിരെ മുടന്തൻ ന്യായങ്ങളുമായി അണി നിരക്കുന്ന വരാരായാലും അവർ ദയാരാഹിത്യമാണ് പ്രകടിപ്പിക്കുന്നത്.

ഇനി അസംബ്ലി ഇലക്ഷനെന്ന അടുത്ത മാമാങ്കത്തിനായി കാത്തിരിക്കാം.

കവിത

# ഓണക്കാഴ്ച

കെ.എം.രാമൻനമ്പൂതിരി AEE(Retd)

വന്നെത്തി ഓണം പതിവായ് നമുക്കു
മാവേലിയെ കാണുവതിനു മാത്രം
ദാരിദ്രമില്ലാത്തൊരു കാലമൊന്നിൽ
സ്വപ്നങ്ങൾ നമ്മൾക്കു നിറഞ്ഞു നില്ക്കും.
മാവേലി എത്തുന്ന ദിനത്തിൽ മാത്രം
സമ്പൽ സമൃദ്ധം തവ രാജ്യമിന്നും.
ഇന്നിപ്പോൾ മാവേലി വരുന്ന നേരം
എങ്ങും തിളങ്ങുന്നൊരു ഗുണ്ട മാത്രം
കൈവെട്ടിയും ബോംബുമെറിഞ്ഞു പാരം.
കൊല്ലുന്നു ഓണത്തിനു മാറ്റു കൂട്ടാൻ.
രാഷ്ട്രീയവും ഭീകര വാദമെങ്ങും
പാരം മത ഭ്രാന്തിലുമായി മന്യർ
ഇല്ലാ മനുഷ്യത്വവും സ്നേഹ രാഗം
എങ്ങും ധനാക്ഷ്ണ ജോലിതന്നെ
കാലത്തെഴുനേറ്റു സൊസൈറ്റി തോറും
ക്യൂവിൽ പിടക്കുന്നൊരു സ്ത്രീ സമൂഹം
ആണുങ്ങൾ മദ്യത്തിനുവേണ്ടി ഷോപ്പിൽ
രാവന്തിയോളം വരിയായ് നിരന്നു.
പൂവേ വിളി കേൾപ്പതുമില്ല വീട്ടിൽ
മാതേവരോ പൂക്കളമൊന്നുമില്ല
പണ്ടൊക്കെ പൂക്കൾ തിരയുന്ന ബാലർ
ടിവിക്കു മുമ്പിൽ തപസ്സായിരിക്കും.
മാവേലിയും സദ്യയുമൊന്നും വേണ്ട
സ്റ്റാർസിംഗറും കണ്ടു രസിച്ചു മക്കൾ.
കാലം യുഗത്തിന്നുടെ മാറ്റമെന്നേ
ചൊല്ലുന്നു മുത്തശ്ശിമാർ കാഴ്ച കാൺകേ.
ഞാനില്ലിനി കേരളഭൂമി കാണാൻ
മാവേലിയോതെല്ലുനിരാശയോടെ.
പാതാളമത്രെ യിതിലൊക്കെ ഭേദം.
പാരം കലിക്കുള്ള വിനോദമായി.




**Congratulations to Moozhiyar Unit** for successfully bringing out for the first time a classic Power Scene (Unit level publications of the Association) from the Unit. The first issue is a classic blend of technology, traditional knowledge & fun spiced with Social awareness. The Association appreciates the collective effort of the Unit under the able leadership of Ers Mohd Ali Rawter (Chairman, Benevolent Fund), E.K. Radhakrishnan (Unit chairman) & P.R.Anilkumar(Unit Secretary). Special congratulation goes to Er. Cherian ( Editor) for bringing out the very first edition in an impeccable manner.

Sd/-
President

# എന്താ മാഷേ ഇങ്ങനെയൊക്കെ ?

*ഗുരുജി*

ഒരു മനുഷ്യനെ കഷ്ടപ്പെടുത്തുന്നതിനും ഒരു അതിരു വേണ്ടേ? ഉലകം ചുറ്റി തീർത്ഥ യാത്രയും കഴിഞ്ഞ് നാട്ടിലേയ്ക്കെത്തി വിശ്രമി ക്കുമ്പോൾ ആളെ കൊണ്ടുതന്നെ പണി യെടുപ്പിക്കുന്നത് മഹാകഷ്ടം തന്നെ.

ആയ കാലത്ത് മീറ്ററു കണക്കിന് കാര്യങ്ങൾ നേടിക്കൊടുത്തതാണെന്ന് അല്പ മെങ്കിലും ഓർമ്മ ഉണ്ടെങ്കിൽ അദ്ദേഹത്തെ കൊണ്ട് വായിൽ കൊള്ളാത്ത വാക്കുകൾ തിരുകി കയറ്റി അച്ചു നിരത്തുമോ?

ഇതെല്ലാം കണ്ട് മോളിൽ ഒരാളുണ്ടെന്നത് എത്ര സത്യമാണെന്ന് ഒരാളൊഴികെ മറ്റെല്ലാ വർക്കും മനസിലായി കഴിഞ്ഞിട്ടുണ്ട്. ഒന്നു കറങ്ങി തിരിഞ്ഞപ്പോഴാണ് മറ്റുള്ളവർക്ക് ഇത്രയധികം വിഷമതകളുണ്ടെന്ന് മനസിലാ ക്കിയത്. അപ്പോൾ തന്നെ തീരുമാനമെടുത്തു ആളുകളുടെ പരാതികളും വിഷമതകളും മനസിലാക്കി അവരുടെ പ്രശ്നങ്ങൾ പരിഹരിച്ചു കൊടുക്കുക എന്ന്. അത് ഒരു യത്നമായി ഏറ്റെടുത്തിരിക്കുകയാണ്.

നല്ലകാലത്ത് ഇത് മോശം പരിപാടിയാ യാണ് തോന്നിയിരുത്. ഇപ്പോൾ നിവൃത്തി യില്ലാത്തതു കൊണ്ടൊന്നുമല്ലാ അദ്ദേഹം പരാതിതീർക്കുവാനിരിക്കുന്നത്. വേണ്ടെന്നു വെച്ചിട്ടാ.

അല്പം പത്രാസും സ്വാധീനവും ഉണ്ടായിരുന്ന കാലത്ത് വൈദ്യുതി ബോർഡി ലെ എല്ലാ തസ്തികകളും മോശമായിരുന്നു. ആയതുകൊണ്ട് തനിക്കൊത്തൊരു കസേര ഇവിടെ കാണാത്തതുകൊണ്ട് പുറത്ത് അന്വേഷിച്ചു കണ്ടുപിടിച്ചു. കറങ്ങിക്കൊണ്ടി രുന്ന ഡിസ്ക്കിനെ പിടിച്ചു നിർത്തി ഒരു മുന്നേറ്റമയിരുന്നു. ദില്ലിവാലാ പയ്യന്മാരേയും സാമഗ്രികളും ഉപയോഗിച്ച് കറങ്ങിയ ഡിസ്ക്കുകളെല്ലാം പിടിച്ചു നിറുത്തി, കണ്ണു ചിമ്മുന്നവരാക്കി. കണ്ണു ചിമ്മുവാൻ തുടങ്ങിയപ്പോൾ ബോർഡ് കണ്ണടയ്ക്കുവാൻ തുടങ്ങി. കുറെയേറെ കോടികൾ പൊതു മേഖലെ മുൻനിർത്തി എങ്ങോട്ടോ ഒഴുകി ത്തുടങ്ങി. സ്വന്തം തറവാട് കുളം തോണ്ടി യാലും കുഴപ്പമില്ല സ്വന്തം കാര്യം സിന്ദാബാദ് വിളിച്ചു കൊണ്ട് ഓടി നോക്കി. അവസാനം അവിടെയുള്ളവർ പുറത്ത് പോസ്റ്ററൊട്ടിക്കു വാൻ തുടങ്ങി. അതറിഞ്ഞയുടൻ മനസിന് ഉരുക്കിന്റെ ബലം കിട്ടാൻ ഉരുക്കുണ്ടാ ക്കുന്നിടത്തേയ്ക്ക് പോയി. പൊന്നുരുക്കുന്നി ടത്ത് പൂച്ചയ്ക്കെന്തു കാര്യമെന്ന് പുതിയ വാതായനം തുറന്നവർ പരസ്പരം ചോദിച്ചു. എങ്കിലും അതിനു ദൈവം അധികം അവസരം നല്കിയില്ല. ഇതെല്ലാം മാഷിന്റെ സംഘ ത്തിന്റെ പേരിലല്ലായിരുന്നോ ചെയ്തു കൂട്ടി യത് ? എന്നിട്ടിപ്പോൾ പണ്ടെങ്ങാനോ മുതിര പ്പുഴ കാടുകളിൽ കാട്ടികൂട്ടിയ നെറികേടുകൾ ഉദ്ധരിച്ച് കാട്ടുകഴുത എന്നൊക്കെ വിളിക്കു ന്നതു ശരിയാണോ ? ഒന്നുമില്ലെങ്കിലും ഒരു കോവർ കഴുതയുടെ സ്ഥാനമെങ്കിലും ഈ അവശദശയിൽ കൊടുക്കേണ്ടേ ? കലികാല വൈഭവം എന്നല്ലാതെ എന്തുപറയാൻ ?

# 'കണക്ടഡ് ലോഡ്' സ്വയം വെളിപ്പെടുത്തൽ പദ്ധതി

Er.P.Madhavan,AEE (Retd)

ഉപഭോക്താക്കൾ അവരുടെ നിലവിലുള്ള 'കണക്ടഡ് ലോഡ്' 15.10.2010 നുള്ളിൽ സ്വയം വെളിപ്പെടുത്തണമെന്ന് കാണിച്ച് ബോർഡ് ഒരു ഓർഡർ ഇറക്കിയതായി കണ്ടു. ബോർഡ് കരുതുന്നതുപോലെ എളുപ്പത്തിലും ഈ കാലയളവിലും,പ്രത്യേകിച്ച് പതിനായിരത്തിനും ഇരുപത്തയ്യായിരത്തിനും ഇടയിൽ ഉപഭോക്താക്കൾ ഉള്ള സെക്ഷനുകളിൽ ഇത് നടപ്പാക്കാൻ സാധിക്കുമോ?

കേരളീയരുടെ ഇന്നത്തെ സാമ്പത്തിക ശേഷിയും ജീവിത ശൈലികളും അനുസരിച്ച് അവരുടെ വൈദ്യുതി ഉപഭോഗവും ക്രമാധീതമായി വർദ്ധിച്ചിട്ടുണ്ട്. 2002-03ൽ '295' യൂണിറ്റ് ആയിരുന്നു പ്രതിശീർഷ ഉപഭോഗം. 2008-09 ആയപ്പോഴേക്കും 490 യൂണിറ്റ് ആയി. ഈ ദശകത്തിൽ ഇരട്ടിആയി എന്നർത്ഥം. ഇതനുസരിച്ച് '70' ശതമാനത്തിൽ കൂടുതൽ ഉപഭോക്താക്കളും അവരുടെ വയറിങ്ങിലും ലോഡിലും മാറ്റങ്ങൾ വരുത്തിക്കാണും. ഇത്രയും പേരുടെ വെളിപ്പെടുത്തൽരേഖകൾ പരിശോധിച്ച് തീർപ്പു കല്പിക്കാൻ എളുപ്പമാണോ? സെക്ഷൻ ആഫീസുകളിൽ ഒരു കലാസ് കൂമ്പാരം' കൂടി ആക്കാനാണ് ഏറെ സാദ്ധ്യത. മുൻ മന്ത്രി സഖാവ് എസ്.ശർമ്മയുടെ'പാളിപ്പോയ' ഭരണ പരിഷ്കാരത്തിന്റെ അവശിഷ്ടങ്ങൾ മറ്റൊരു മൂലയിൽ ഉണ്ടെന്ന് ഓർക്കുക,ഉപഭോക്താക്കളെപ്പറ്റി ബോർഡിന്റെ കൈവശം പരിമിതമായ വിവരങ്ങളെ ഉള്ളൂവെന്ന ഒരു കുമ്പസാരത്തോടു കൂടിയായിരുന്നു അദ്ദേഹം ഇത്തരം ഒരു പരീക്ഷണത്തിന് ഒരുങ്ങിയത്. പക്ഷെ പദ്ധതിയുടെ വലിപ്പം, സങ്കീർണ്ണത,ആസൂത്രണത്തിലെ പാകപ്പിഴകൾ, ഉപഭോക്താക്കളുടെയും തൊഴിലാളികളുടെയും മറ്റും എതിർപ്പുകൾ എന്നിവ ആ ശ്രമത്തെ പരാജയപ്പെടുത്തുകയായിരുന്നു. ഈ പ്രതികൂല സാഹചര്യങ്ങളെല്ലാം ഇന്നും നിലനിൽക്കുന്നുണ്ട്. കൂടാതെ ഉപഭോക്താക്കൾക്ക് അവരുടെ 'ലോഡ്' നിശ്ചയിക്കാൻ സാങ്കേതിക പരിചയവും (മാറ്റങ്ങൾ ഇല്ലാത്ത ഇടങ്ങളിൽ) കാണാറില്ല. അങ്ങിനെ വരുമ്പോൾ ഈ പദ്ധതി വയറിങ്ങ് കോട്രാക്ടർമാരുടെ 'കറവപ്പശു' ആകാനും തെറ്റായ വിവരങ്ങൾ ശേഖരിക്കാനും ഇടയാകും.

മറ്റൊരു പ്രധാന പ്രശ്നം ഉപഭോക്താക്കൾ ഇത്തരം വെളിപ്പെടുത്തലുകൾക്ക് ആധാരമാക്കേണ്ടുന്നത് അവരുടെ ഇന്നത്തെ കംപ്യൂട്ടർ ബില്ലുകളിൽ കാണിച്ചിരിക്കുന്ന രേഖകൾ ആണെന്നതാണ്. എന്നാൽ കംപ്യൂട്ടറിൽ കയറ്റിയിരിക്കുന്ന ഇവയിൽ പലതും 'ബോഗസ്'രേഖകളാണ്.ഉദാഹരണങ്ങൾ ധാരാളമാണ്. എന്റെ വീട്ടിലെ കണക്ഷൻ കിട്ടിയിട്ട്'60' വർഷങ്ങൾക്ക് മേലെ ആയി. അന്നു തന്നെ വീടിന് പത്തിൽ കൂടുതൽ മുറികൾ ഉണ്ടായിരുന്നു. പക്ഷെ ബില്ലിൽ കാണിച്ചു വരുന്ന കണക്ടഡ് ലോഡ് വെറും '100' വാട്സ് മാത്രം! എന്റെ സഹോദരന്റെ വീട്ടിലെ കണക്ഷൻ '80'കളുടെ അവസാനത്തിൽ കിട്ടിയതാണ്. ബിൽ പ്രകാരം ഈ ത്രീഫേയിസ് കണക്ഷന്റെ 'സി.ഡി' 50രൂപയേ ഉള്ളൂ. വേറൊരു സഹോദരന്റെ മകൻ ഒരു പമ്പ്കണക്ഷൻ എടുത്തിട്ടുണ്ട്. '150'രൂപ സി.ഡി. കെട്ടിയതിന്റെ താൽക്കാലിക രസീതിയും കൈവശമുണ്ട്. എന്നാൽ കംപ്യൂട്ടർ രേഖകളിൽ ഇത് '100'രൂപ മാത്രമാണ്. മിക്ക ബില്ലുകളിലും ഉപഭോക്താക്കളുടെ പേരേയില്ല!

അതുപോലെ തന്നെ വെളിപ്പെടുത്തൽ പ്രക്രിയക്ക് ഉപഭോക്താക്കൾ, സാധാരണ ഉപയോഗിക്കുന്ന 'സർവീസ് കണക്ഷൻ' അപേക്ഷാ ഫോറവും' ടെസ്റ്റ് റിപ്പോർട്ടും'

ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചതും പ്രശ്നമാകും. ഇവിടെ ഉപഭോക്താക്കളെ തിരിച്ചറിയൽ ഒരു പ്രശ്നമാണ്. മരണം, കൈമാറ്റം മുതലായ കാരണങ്ങളാൽ ഉപഭോക്താക്കൾ/ ഉടമകൾ മാറിയിട്ടുണ്ടാകും. തിരിച്ചറിയൽ കാർഡ്- ഉടമസ്ഥാവകാശ രേഖകൾ വാങ്ങി, കരാർ പുതുക്കേണ്ടി വരും.

വെളിപ്പെടുത്തൽ രേഖകൾ പ്രകാരം കൂടുതൽ കരുതൽ ധനം പിരിച്ചെടുക്കുമ്പോഴും പ്രശ്നങ്ങൾ വരും. കാലാകാലങ്ങളിൽ ഉപഭോക്താക്കളിൽ നിന്ന് 'പിഴിഞ്ഞെടുത്ത' അധിക കരുതൽ ധനത്തെപ്പറ്റി അവർക്കുള്ള, പരാതികൾ നിലനിൽക്കേ തന്നെ കംപ്യൂട്ടർ രേഖകളിൽ ഇവ മുഴുവനായും വിട്ടില്ലെന്ന് ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുന്നു. നമ്മുടെ രാജ്യത്ത് എല്ലാ മേഖലകളിലും തിരിച്ചറിയൽ രേഖകൾ നിർബന്ധമാക്കി വരികയാണ്. റേഷൻ കാര്യത്തിനും തിരഞ്ഞെടുപ്പിനും തിരിച്ചറിയൽ കാർഡുകൾ നിലവിൽ വന്നു. ബാങ്കുകൾ, ഓഹരിവിപണികൾ, മ്യൂച്ചൽഫണ്ടുകൾ തുടങ്ങിയവ അവരുടെ ഇടപാടുകാരുടെ കൃത്യമായ തിരിച്ചറിയൽ രേഖകൾ ("നോ യുവർ കസ്റ്റമർ'-KYC) രേഖപ്പെടുത്തിയിരിക്കണമെന്ന നിയമം കർശനമാക്കിയിരിക്കുകയാണ്. കേന്ദ്രവും ഒരു പുതിയ തിരിച്ചറിയൽ കാർഡ് (UID) കൊണ്ടുവരുന്നു. 'വാട്ടർ അതോറിറ്റി' അവരുടെ ഉപഭോക്താക്കളുമായുള്ള കരാറുകൾ പുതുക്കാൻ പോകുന്നു എന്ന് പത്രവാർത്ത. എന്നാൽ കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാസ്ഥാപനമായ കെ.എസ്.ഇ. ബോർഡ് വെറും ഒരു നമ്പറിന്റെ ആധാരത്തിൽ എല്ലാ ഇടപാടുകളും ഈ കംപ്യൂട്ടർ യുഗത്തിലും നടത്തുന്നു എന്നത് വിചിത്രമല്ലേ? നമ്മുടെ എൻജിനിയർമാർക്കും ഇതിൽ പങ്കില്ലേ?

2009 ഡിസംബർ മാസത്തെ 'ഹൈഡൽ-ബുള്ളറ്റിൽ' ചർച്ചാ'ഫോറ'ത്തിൽ പ്രസിദ്ധീകരിച്ച പ്രകാരം, നല്ലതു പോലെ ആസൂത്രണം ചെയ്ത്, ഉപഭോക്താക്കൾക്ക് കുറഞ്ഞ അസൗകര്യങ്ങൾ ഉണ്ടാക്കുന്ന വിധത്തിൽ പടിപടിയായുള്ളതും എല്ലാവിധ രേഖകൾ അടങ്ങിയതുമായ ഒരു റി-രജിസ്ട്രേഷൻ' പദ്ധതി കൊണ്ടു മാത്രമെ ഇത്തരം പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം ഉണ്ടാക്കാൻ സാധിക്കുകയുള്ളൂ. നിയമ സാധുതയും അതിന് മാത്രമാണ്.

✵





പന്നിയാർ ദുരന്തത്തിൽ മരിച്ച ജോസിന് ജന്മനാടിന്റെ സ്മരണാഞ്ജലി

**OBITUARY**



Er. K.Kesava Pillai, retired Chief Engineer passed away on 30.8.2010 in his residence at Trivandrum. He was 84 years. He is survived his wife and three children.

The association expresses its deep condolence to his bereaved family.

# LIST OF BENEVOLENT FUND SILVER SCHEME MEMBERS

| SS Mem No | Name | Dateof SS Joining | Mem No. | BF No. |
|---|---|---|---|---|
| SS 1 | Mohanachandran.V | 17-11-07 | 1169 | 752 |
| SS 2 | Salil PC | 27-9-07 | 2816 | 1622 |
| SS 3 | Jagathy TB | 27-9-07 | 2823 | 1629 |
| SS 4 | Rajan K R | 27-9-07 | 1552 | 937 |
| SS 5 | Rajenndran A | 27-9-07 | 1594 | 977 |
| SS 6 | Job N T | 19-10-07 | 1901 | 1276 |
| SS 7 | Unnikrishnan A | 19-10-07 | 1370 | 966 |
| SS 8 | Biju M T | 19-10-07 | 2210 | 1262 |
| SS 9 | Santhosh kumar V N | 19-10-07 | 1704 | 949 |
| SS 10 | Mohandas C | 17-11-07 | 823 | 1130 |
| SS 11 | George V James | 17-11-07 | 1609 | 975 |
| SS 12 | Kenny Phillip | 17-11-07 | 2223 | 1375 |
| SS 13 | Rajesh K R | 17-11-07 | 2258 | 1357 |
| SS 14 | George Mathew | 17-11-07 | 1834 | 942 |
| SS 15 | Shaji Thomas.P | 27-9-07 | 1845 | 1137 |
| SS 16 | Surendran K | 2/12/2007 | 1839 | 996 |
| SS 17 | Pradeep K P | 22/12/07 | 1590 | 890 |
| SS 18 | Mohankumar B | 22/12/07 | 1615 | 1108 |
| SS 19 | Sasikumar B | 22/12/07 | 1097 | 1053 |
| SS 20 | Anil.M | 22/12/07 | 1719 | 927 |
| SS 21 | Sreekumar P K | 22/12/07 | 1566 | 904 |
| SS 22 | Rajesh D S | 22/12/07 | 2127 | 1353 |
| SS 23 | Kurakose T A | 22/12/07 | 1851 | 1114 |
| SS 24 | Kesavadas V | 22/12/07 | 1859 | 1144 |
| SS 25 | Syam kumar.G | 22/12/07 | 1849 | 1231 |
| SS 26 | Murali P | 18-01-08 | 1780 | 1097 |
| SS 27 | Vishnu Namboothiri D | 18-01-08 | 2793 | 1641A |
| SS 28 | Purushothama Paniker P | 18-01-08 | 2842 | 1642 |
| SS 29 | Deepanandan K K | 18-01-08 | 1181 | 771 |
| SS 30 | Abdul Kalam M | 18-01-08 | 1814 | 1230 |

| | | | | |
|---|---|---|---|---|
| SS 31 | George P.Babu | 18-01-08 | 1137 | 797 |
| SS 32 | Jacob Alexander T | 18-01-08 | 1919 | 1086 |
| SS 33 | Simon J | 18-01-08 | 2797 | 1630 |
| SS 34 | Paul .V.J | 18-01-08 | 1870 | 1178 |
| SS 35 | Paul Mathew | 18-01-08 | 1908 | 1004 |
| SS 36 | Sudha devi.G | 18-01-08 | 857 | 585 |
| SS 37 | Jins K D | 18-01-08 | 2252 | 1340 |
| SS 38 | Padmanabha Iyer.P | 6/2/2008 | 839 | 759 |
| SS 39 | Vijayakumar C | 11/2/2008 | 2052 | 1643 |
| SS 40 | Jayakumar C K | 16-2-2008 | 2304 | 1320 |
| SS 41 | Shaji Thomas | 15.3.08 | 2568 | 1483 |
| SS 42 | Manoj V | 15.3.08 | 1815 | 932 |
| SS 43 | Jayakrishnan P | 15.3.08 | 2310 | 1351 |
| SS 44 | Radhakrishnan E K | 15.3.08 | 1699 | 979 |
| SS 45 | Edwin Calistus | 11.4.08 | 2020 | 1228 |
| SS 46 | Subhash Chandra Bose | 11.4.08 | 2439 | 1646 |
| SS 47 | Ajikumar G S | 11.4.08 | 1582 | 878 |
| SS 48 | Vargheese M E | 11.4.08 | 1716 | 903 |
| SS 49 | Suresh K | 11.4.08 | 1868 | 983 |
| SS 50 | Shamsudeen A | 11.4.08 | 871 | 778 |
| SS 51 | Sivadasan Nambiar V V | 11.4.08 | 2779 | 1639 |
| SS 52 | Sasi Thomas | 11.4.08 | 2786 | 1595 |
| SS 53 | Unnikrishnan Nair K S | 11.4.08 | 2805 | 1644 |
| SS 54 | Umeshan V V | 11.4.08 | 2461 | 1377 |
| SS 55 | Asha Thomas | 02.05.08 | 2785 | 1611 |
| SS 56 | Sugathan C G | 17.05.08 | 1959 | 1486 |
| SS 57 | Binu A.Palappillil | 21.06.08 | 2129 | 1297 |
| SS 58 | Jayasankar K R | 21.06.08 | 2174 | 1335 |
| SS 59 | Sreekumar B | 21.06.08 | 1711 | 1151 |
| SS 60 | Gayatri Nair.R | 21.06.08 | 1343 | 1271 |
| SS 61 | Rajeev K R | 19.07.08 | 2105 | 1308 |
| SS 62 | Manoj Gopal.L | 19.07.08 | 2101 | 1512 |
| SS 63 | Sabu T Joseph | 19.07.08 | 2678 | 1635 |
| SS 64 | Nisha P | 19.07.08 | 1799 | 1100 |

| | | | | |
|---|---|---|---|---|
| SS 65 | Sucy George | 19.07.08 | 1897 | 1407 |
| SS 66 | Shajkumar G | 19.07.08 | 2370 | 1451 |
| SS 67 | Usha E K | 06.08.08 | 1895 | 1224 |
| SS 68 | Getrude KG | 06.08.08 | 2290 | 1556 |
| SS 69 | Jayasree S | 06.08.08 | 2381 | 1444 |
| SS 70 | Antony Thomas KS | 06.08.08 | 897 | 688 |
| SS 71 | Ramachandran Nair K | 06.08.08 | 993 | 700 |
| SS 72 | Sindhu PR | 06.08.08 | 2491 | 1410 |
| SS 73 | Annie Job E J | 06.08.08 | 1943 | 1104 |
| SS 74 | Riyas E A | 06.08.08 | 2487 | 1460 |
| SS 75 | Anand SR | 06.08.08 | 1613 | 978 |
| SS 76 | Nagaraja Bhatt | 16.8.08 | 2198 | 1312 |
| SS 77 | Geetha R | 16.8.08 | 2359 | 1565 |
| SS 78 | William Vinayan Raj | 15.09.08 | 2757 | 1640 |
| SS 79 | Dolly Paul V | 20.09.08 | 1749 | 1274 |
| SS 80 | Devasena K | 20.09.08 | 2434 | 1368 |
| SS 81 | Bhagialekshmi M C | 20.09.08 | 2457 | 1432 |
| SS 82 | Jose M V | 20.09.08 | 2542 | 1602 |
| SS 83 | Betty Tresa Jose | 20.09.08 | 2380 | 1352 |
| SS 84 | Mathew P Kurien | 20.09.08 | 1817 | 1122 |
| SS 85 | Lincy Jose | 20.09.08 | 2784 | 1610 |
| SS 86 | Preetha A | 20.09.08 | 2315 | 1328 |
| SS 87 | Baburaj J | 15.10.08 | 1316 | 817 |
| SS 88 | Sathyarajan V V | 15.10.08 | 1784 | 1554 |
| SS 89 | Jayaprakash NS | 15.10.08 | 1784 | 1554 |
| SS 90 | Jose MV | 15.10.08 | 1882 | 1235 |
| SS 91 | Priya Govind | 15.10.08 | 2165 | 1605 |
| SS 92 | Martin PA | 15.10.08 | 2493 | 1376 |
| SS 93 | Rajan KR | 15.10.08 | 2442 | 1467 |
| SS 94 | Mammen C S | 15.10.08 | 2691 | 1560 |
| SS 95 | Siby Jacob | 15.10.08 | 2694 | 1568 |
| SS 96 | John Thomas | 15.10.08 | 1568 | 1157 |
| SS 97 | Bimal Kumar B | 15.10.08 | 1683 | 1078 |
| SS 98 | Vargheese E D | 15.10.08 | 2781 | 1598 |

| | | | | |
|---|---|---|---|---|
| SS 99 | Radhakrishnan E | 15.10.08 | 2804 | Nil |
| SS 100 | Sethumadhavan P | 15.10.08 | 1888 | 1197 |
| SS 101 | Surendra P | 5.1.09 | 2345 | 1349 |
| SS 102 | Radhakrishnan NairM | 5.1.09 | 2845 | 1091 |
| SS 103 | Janardhanan K V | 17.01.09 | 2287 | 1339 |
| SS 104 | Rajesh Jose | 17.01.09 | 2218 | 1306 |
| SS 105 | Viji Prabhakaran | 17.01.09 | 2523 | 1443 |
| SS 106 | Jose P Oommen | 17.01.09 | 2207 | 1314 |
| SS 107 | Satheesh N | 21-02-09 | 1909 | 1023 |
| SS 108 | Thomas C R | 21.3.09 | 1701 | 961 |
| SS 109 | Anu Paul | 21.3.09 | 1790 | 913 |
| SS 110 | Geetha.V.S | 09.5.09 | 2151 | 1282 |
| SS 111 | Sarasakumar R | 9.5.09 | 2822 | 1638 |
| SS 112 | Radhakrishnakumar K | 9.5.09 | 1569 | 944 |
| SS 113 | Jeeji Francis K P | 09.5.09 | 2344 | 1354 |
| SS 114 | Prasannakumar YV | 9.5.09 | 2124 | 1378 |
| SS 115 | Joshy P Chittilappilly | 9.5.09 | 2339 | 1346 |
| SS 116 | Lilly P I | 9.5.09 | 2838 | 1655 |
| SS 117 | Satheesh G | 9.5.09 | 1680 | 936 |
| SS 118 | Chandran AG | 20.6.09 | 1902 | 1240 |
| SS 119 | Ebenezer Samji | 15.07.09 | 1082 | 1657 |
| SS 120 | Santhosh P Abraham | 15.07.09 | 2225 | 1269 |
| SS 121 | Vijayamohan V G | 15.07.09 | 2719 | 1553 |
| SS 122 | Manoj R | 22.8.09 | 2499 | 1658 |
| SS 123 | Biju S | 24.10.09 | 2698 | 1576 |
| SS 124 | Vrinda S | 24.10.09 | 2133 | 1259 |
| SS 125 | Sreedevi S | 24.10.09 | 2736 | Nil |
| SS 126 | Thomas P S | 21.11.09 | 1599 | 883 |
| SS 127 | Damodaran Namboothiri K S | 21.11.09 | 937 | 647 |
| SS 128 | Pradeepkumar S | 21.11.09 | 2321 | 1317 |
| SS 129 | Abdul Rehman Sait | 21.11.09 | 1301 | 847 |
| SS 130 | Bibi P Jacob | 21.11.09 | 2249 | 1561 |
| SS 131 | Muhammed Ali Rawthar | 21.11.09 | 1349 | 1648 |
| SS 132 | Santhoshkumar P | 21.11.09 | 2828 | 1632 |

| | | | | |
|---|---|---|---|---|
| SS 133 | Johnson Manuel | 21.11.09 | 2386 | 1367 |
| SS 134 | Susan Jacob P | 21.11.09 | 1661 | 1042 |
| SS 135 | Mukeshkumar K | 21.11.09 | 2346 | 1412 |
| SS 136 | Mohanan G | 19.12.09 | 850 | 1485 |
| SS 137 | Jayaraj A | 19.12.09 | 1822 | 1226 |
| SS 138 | Ninan C Mathew | 19.12.09 | 2335 | 1336 |
| SS 139 | Anil Kumar PR | 19.12.09 | 2465 | 1536 |
| SS 140 | Premji Easaw Jacob | 04.01.10 | 1143 | 1462 |
| SS 141 | Sheela M Daniel | 04.01.10 | 2272 | 1309 |
| SS 142 | Susan Joseph | 04.01.10 | 1972 | 1138 |
| SS 143 | Salim S | 04.01.10 | 2021 | 1404 |
| SS 144 | Suresh Kumar ES | 04.01.10 | 2382 | Nil |
| SS 145 | Mohammed Shereef E | 04.01.10 | 1562 | 1082 |
| SS 146 | Ajithkumar K | 04.01.10 | 2256 | 1382 |
| SS 147 | Mohanan G | 04.01.10 | 1833 | 973 |
| SS 148 | Aswinikumar J | 04.01.10 | 1083 | 690 |
| SS 149 | Suresh Kumar C | 04.01.10 | 1619 | 901 |
| SS 150 | Radhakrishnan R | 7.1.10 | 2092 | 1253 |
| SS 151 | Raju P | 7.1.10 | 1637 | 1557 |
| SS 152 | Aji Joseph | 23.1.10 | 2440 | 1450 |
| SS 153 | Sharath B | 23.1.10 | 2887 | 1659 |
| SS 154 | Rajesh S | 20.03.10 | 2821 | 1628 |
| SS 155 | Jayakumar C K | 20.03.10 | 2304 | 1320 |
| SS 156 | Baburajan P V | 20.03.10 | 2245 | 1257 |
| SS 157 | Suresh K | 20.03.10 | 1868 | 983 |
| SS 158 | Valsakumari K | 20.03.10 | 1241 | 992 |
| SS 159 | Santhosh S | 31.03.10 | nil | 1664 |
| SS 160 | Radhakrishnan K | 5.5.10 | 880 | 1552 |
| SS 161 | Ravichandar R | 8.5.10 | 1535 | 1000 |
| SS 162 | Sankar N | 8.5.10 | 2392 | 1360 |
| SS 163 | Celin Susan Easow | 8.5.10 | 1855 | 1043 |
| SS 164 | Prabhakaran Nair K | 8.5.10 | 1085 | 638 |
| SS 165 | Aji Rajan C | 8.5.10 | 2730 | 1637 |
| SS 166 | Sunil N S | 9.7.10 | 2897 | 1676 |

| | | | | |
|---|---|---|---|---|
| SS 167 | Rajaji K | 9.7.10 | 2498 | 1673 |
| SS 168 | Saji Alex | 9.7.10 | 2402 | 1371 |
| SS 169 | Cheriyan P Thomas | 17.7.10 | 2322 | 1381 |
| SS 170 | Sosamma Kuruvila | 17.7.10 | 1631 | 893 |
| SS 171 | Dinesh K | 17.7.10 | 2121 | 1358 |
| SS 172 | Premraj CV | 17.7.10 | 2211 | 1401 |
| SS 173 | Beena VS | 17.7.10 | 2267 | 1435 |
| SS 174 | Geetha MS | 17.7.10 | 1915 | 1009 |
| SS 175 | Joseph PT | 17.7.10 | 1727 | 1112 |
| SS 176 | Santhosh K | 17.7.10 | 2600 | 1492 |
| SS 177 | Murukesan T R | 17.7.10 | 1234 | 1032 |
| SS 178 | Shibu Mathukkutty | 17.7.10 | 2609 | 1494 |
| SS 179 | Sune Elsa Phillip | 17.7.10 | 2112 | 1252 |
| SS 180 | Renjith Kumar V | 17.7.10 | 1848 | 1011 |
| SS 181 | Bhuvanendra Prasad T R | 17.7.10 | 1679 | 1027 |
| SS 182 | James M Daniel | 17.7.10 | 1533 | 931 |
| SS 183 | Hareesh S | 19.8.10 | 2933 | 1682 |
| SS 184 | Gopi N K | 19.8.10 | 2354 | 1683 |
| SS 185 | Vijayakumar V R | 19.8.10 | 2836 | 1684 |
| SS 186 | Varun V R | 19.8.10 | 2869 | 1662 |
| SS 187 | Akhil V S | 19.8.10 | 2893 | 1663 |
| SS 188 | Anto Poothokkaran | 19.8.10 | 2448 | 1369 |
| SS 189 | Manoj T | 19.8.10 | 2748 | 1570 |
| SS 190 | Biju R Moyalan | 19.8.10 | 2760 | 1685 |
| SS 191 | Seby Thomas C | 19.8.10 | 2570 | 1606 |
| SS 192 | George C P | 18.9.10 | 1614 | 926 |
| SS 193 | Rajeevkumar K | 18.9.10 | 2894 | 1665 |
| SS 194 | Pramod P V | 18.9.10 | 2697 | 1589 |
| SS 195 | Nandakumar K | 18.9.10 | 2173 | 1258 |
| SS 196 | Sreekala P R | 18.9.10 | 2395 | 1446 |
| SS 197 | Sreeja K R | 18.9.10 | 2196 | 1313 |
| SS 198 | Madhu K | 18.9.10 | 1761 | 1303 |
| SS 199 | Rajendran S | 18.9.10 | 1796 | 1153 |
| SS 200 | Selvimol T R | 18.9.10 | 1820 | 990 |
| SS 201 | Pankajakshan M | 18.9.10 | 2330 | 1362 |

# മദ്യദുരന്തവും ലോട്ടറി വിവാദവും

**Er.V.Rajan,** *DYCE (REtd)*

കഴിഞ്ഞ കുറച്ചു ദിവസങ്ങളിലായി കേരള സമൂഹത്തിൽ നിറഞ്ഞു നിൽക്കുന്ന രണ്ട് പ്രധാന സംഭവങ്ങളാണ് മദ്യദുരന്തവും ലോട്ടറിവിവാദവും. ഈ രണ്ട് പ്രശ്നങ്ങളും കൂടെക്കൂടെ സംസ്ഥാനത്ത് ചർച്ചാ വിഷയ മാകാറുണ്ട്. മദ്യത്തെ കുറിച്ച് ചർച്ച നടക്കുന്നത് പൊതുവേ അത് കഴിച്ച് ആളുകൾ മരിക്കുമ്പോഴാണ്. ഇപ്പോൾ മലപ്പുറം-പാലക്കാട് ജില്ലകളിലെ കള്ളുഷാപ്പിൽ നിന്നും കള്ള് കഴിച്ചവരാണ് മരിച്ചവരിൽ അധികവും; ഏതാണ്ട് 27 പേർ. സാധാരണപോലെ ഇതുമൊരു രാഷ്ട്രീയ പ്രശ്നമായി മാറി. വകുപ്പു തല അന്വേഷണം കഴിഞ്ഞ്; ഉദ്യോഗസ്ഥർ ഉത്തരവാദിത്വങ്ങൾ വേണ്ടപോലെ നടപ്പി ലാക്കിയില്ലായെന്നാണ് പ്രധാന കണ്ടെത്തൽ. ജുഡിഷ്യൽ അന്വേഷണത്തിന് ഉത്തരവായിരി ക്കുന്നു, ജഡ്ജിയെ തെരയുന്നു. ഇതൊക്കെ എല്ലാ ദുരന്തങ്ങൾ നടക്കുമ്പോഴും ചെയ്യാറുള്ള കാര്യങ്ങളാണ്.

മാധ്യമ റിപ്പോർട്ട്പ്രകാരം കള്ളിന്റെ ലഭ്യതയും വില്പനയും തമ്മിൽ വലിയ അന്തരമുണ്ട്. വലിയ തുകക്ക് ഷാപ്പുകൾ ലേലം കൊള്ളുമ്പോൾതന്നെ ബന്ധപ്പെട്ട വർക്കെല്ലാം അറിയാം അത്രയും തുകക്കുള്ള കള്ള് ഇവിടെ ലഭ്യമല്ലായെന്ന്. പിന്നെ എങ്ങനെയാണ് കച്ചവടം നടക്കുന്നതെന്ന്, പൊതു ജനത്തിനൊഴിച്ച്, ബാക്കി എല്ലാ പേർക്കുമറിയാം; പോരെങ്കിൽ നേരത്തേ നടന്ന ദുരന്തങ്ങളുടെ പേരിലുള്ള റിപ്പോ ർട്ടുകൾ നോക്കിയാലും കാര്യങ്ങൾ മനസി ലാകും. അതുകൊണ്ട് ഇനിയുമൊരു ജുഡീഷ്യൽ അന്വേഷണത്തിന് പ്രത്യേകി ച്ചൊരു പ്രസക്തിയുമില്ല. ജനാധിപത്യ ഭരണക്രമത്തിൽ എല്ലാത്തിനുമൊരു ചിട്ടയുണ്ടല്ലോ, അതനുസരിച്ച് മദ്യദുരന്ത ങ്ങൾക്കൊരു ജുഡിഷ്യൽ അന്വേഷണം നിർബന്ധമാണ്. ഇനിയിപ്പോൾ റിപ്പോർട്ട് സമർപ്പിക്കുന്നത്, മിക്കവാറും പുതിയ ഗവൺമെന്റ് ആയിരിക്കും.

ഇതിനിടക്ക് ഒരു വിഭാഗം മറ്റൊരു നിർദ്ദേശവുമായി രംഗത്തുണ്ട്; ചാരായ നിരോധനം നിലനില്ക്കുന്നതു കൊണ്ടാണ് മദ്യ ദുരന്തങ്ങൾ നടക്കുതെന്നാണ് അവരുടെ കണ്ടുപിടിത്തം. അത് കൊണ്ടാണ് ചാരായ നിരോധനം മാറ്റി നല്ല സാധനം കമ്പോളത്തിൽ ലഭ്യമാക്കിയാൽ ഈ ദുരന്തങ്ങളൊക്കെ മാറും; അതിന്റെ പുറകിൽ പഴയ ചാരായ ലോബിയാ ണെന്നാണ് ചാനൽറിപ്പോർട്ട്.

ലോട്ടറിവിവാദത്തിൽ നേരിട്ട് ആരും മരിച്ചതായി അറിവില്ല. അന്യ സംസ്ഥാന ലോട്ടറികളാണ് വില്ലൻ; നേപ്പാൾ, ഭൂട്ടാൻ മുതൽ താഴോട്ട് എല്ലാമുണ്ട്. കഴിഞ്ഞ മാസം അവസാനത്തോടെയാണ് നമ്മുടെ രാഷ്ട്രീയ നേതൃത്വത്തിന് ഒരു ഉൾവിളി ഉണ്ടായി, എല്ലാ അന്യസംസ്ഥാന ലോട്ടറികളുംകൂടി നമ്മുടെ പൗരന്മാരുടെ രക്തം ഊറ്റി കുടിക്കുന്നു. അപ്പോൾ പിന്നെ അസംബ്ലിയിൽ ബഹളമായി വെല്ലുവിളിയായി. അന്യ ലോട്ടറികൾ സംസ്ഥാനത്തെ മുടിക്കുന്നുയെന്ന കാര്യത്തിൽ രണ്ട്മുന്നണികൾക്കും അഭിപ്രായ ഐക്യ മുണ്ട്; ഇല്ലാത്തത് ആരാണ് നടപടി എടുക്കേണ്ട തെന്ന കാര്യത്തിലാണ്, അത് കേന്ദ്രഗവൺ മെന്റാണോ സംസ്ഥാന ഗവൺമെന്റാണോ? മാധ്യമ റിപ്പോർട്ടുപ്രകാരം ലോട്ടറി രാജാക്കന്മാ രുമായി രണ്ട് മുന്നണിക്കും നല്ല ബന്ധമാണ്. അതു കൊണ്ടുതന്നെ അവർ സ്വന്തമായി സ്കീമുകൾ ഉണ്ടാക്കുന്നു, ടിക്കറ്റടിക്കുന്നു, വില്ക്കുന്നു, സമ്മാനം നല്കുന്നു. ഗവൺമെന്റ് ഇതൊന്നുമറിയുന്നില്ല.

ഇതിനിടക്ക് മന്ത്രി എതിർ ചേരിയെ സംവാദത്തിന് വിളിക്കുന്നു, അവിടെ ഉന്നതർ ഒഴിഞ്ഞ് മാറുന്നു. രണ്ടാം നിരയിലുള്ള ഒരാളിനെ അയക്കാമെന്ന് പറയുന്നു. അങ്ങനെ യാണെങ്കിൽ പി.എയെ അയക്കുമെന്ന് മന്ത്രി; അത് പിന്നീട് എ.പി.എസ്. വരെ ആയി, പക്ഷേ സംവാദത്തിൽ അവസാനം മന്ത്രി തന്നെ നേരിട്ട് പങ്കെടുത്തു. സംവാദത്തിൽ ആരു മുന്നിട്ട് നിന്നുയെന്നതാണ് ഇപ്പോഴത്തെ ചർച്ച.

ഈ പറഞ്ഞ രണ്ട് കാര്യങ്ങളിലും പ്രശ്നങ്ങൾ എന്താണെന്നും അതിന്റെ പരിഹാരവും ഭരണ-പ്രതിപക്ഷ കക്ഷികൾക്ക് നല്ല ബോദ്ധ്യമുണ്ട്. പക്ഷേ ഒരു നടപടിയുമില്ല. ഇതിനിടക്ക് ശ്രദ്ധിക്കാതെ പോകുന്ന ഒരു കാര്യം, ഈ രണ്ട് സംഗതികളും ഇവിടെ തുടങ്ങിയത് ഇന്നത്തെ ഭരണകക്ഷിയാണ്. അന്ന് ചില രാഷ്ട്രീയ സാമൂഹിക ലക്ഷ്യങ്ങൾ മുന്നിൽ കണ്ടു കൊണ്ടായിരുന്നു അത് ചെയ്തത്. തെരഞ്ഞെടുത്ത ഗവൺമെന്റ് 'മോഹങ്ങൾ' ജനങ്ങൾക്ക് വിൽക്കുന്നതും, മദ്യം വിൽക്കുന്നതും ശരിയാണോ എന്നൊക്കെ അന്നത്തെ സാംസ്കാരികനായകർ ചോദിക്കുന്നുണ്ടായിരുന്നു. അത് ജനങ്ങളെ മടിയന്മാരാക്കില്ലേയെന്നും സംശയങ്ങൾ പ്രകടിപ്പിച്ചിരുന്നു. നിലവിലുള്ള വ്യവസ്ഥിതി മാറ്റാനുള്ള തത്രപ്പാടിൽ അതൊന്നും ആരും കാര്യമായിട്ടെടുത്തില്ല.

അങ്ങനെയാണ് രണ്ട് മേഖലയും വളർന്ന് വലുതായത്. അതു കണ്ട് മറ്റ് സംസ്ഥാനങ്ങളും ഈ ബിസിനസിലേക്കു തിരിഞ്ഞു. അങ്ങനെ നമുക്ക് മറ്റ് സംസ്ഥാന ലോട്ടറികളും ലഭ്യമായി. അവിടെ ഇതിന് സ്വകാര്യ മേഖലയുടെ പിൻബലത്തിൽ പല പുതിയ പദ്ധതികളും വളരെ പെട്ടെന്ന് പ്രാബല്യത്തിൽ വരുത്താൻ സാധിച്ചു. അതിനോട് കിടപിടിക്കാൻ നമ്മളും കുറേ നൂതന ഭാഗ്യക്കുറികൾ നടപ്പിലാക്കി.

ഇന്നിപ്പോൾ ഈ രണ്ട് മേഖലയിലുംകൂടി ധാരാളം പേർ ഉപജീവനമാർഗ്ഗം കണ്ടെത്തുന്നു. കൂട്ടത്തിൽ അന്യസംസ്ഥാന ലോട്ടറികളുടെ അനഭിലഷണീയമായ പ്രവൃത്തികളും കുടി ക്കൂടിവന്നു. അങ്ങനെ അതിനെ നിരോധിക്കാൻ ശ്രമിച്ചാണ് ഇപ്പോൾ ചില നിയന്ത്രണങ്ങളിലെത്തി നില്ക്കുന്നത്.

നേരത്തെ പറഞ്ഞതുപോലെ പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും എല്ലാപേർക്കുമറിയാം. അപ്പോൾ എന്ത് വേണമെന്ന് പൊതുസമൂഹം തീരുമാനിക്കണം. സ്വന്തം ജനത്തിന് 'മോഹങ്ങളും' മദ്യവും വിറ്റ് കാശ് ഉണ്ടാക്കണമോയെന്ന് തീരുമാനിക്കാനുള്ള അവസരമാണിത്. ജനാധിപത്യ ഭരണക്രമത്തിൽ ജനത്തെ മടിയന്മാരും ഭാഗ്യാന്വേഷികളുമാക്കുന്നത് ശരിയല്ല.

# ജീവകാരുണ്യവുമായി എൻജിനീയർമാർ

തൃശൂർ: എൻജിനീയേഴ്സ് ദിനാചരണം വെറും ആഘോഷം മാത്രമാക്കി മാറ്റേണ്ടെന്നായിരുന്നു കെഎസ്ഇബി എൻജിനീയേഴ്സ് അസോസിയേഷന്റെ ആഗ്രഹം.

അതിനാൽ ഫണ്ട് സ്വരൂപിച്ചു. അതു വൃക്കരോഗംകൊണ്ടു ബുദ്ധിമുട്ടുന്നവർക്കായി മാറ്റിവച്ചു. ഈ തുക കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ ചെയർമാൻ ഫാ. ഡേവിസ് ചിറമ്മലിനു കെ.ആർ. ബ്രഹ്മദത്തൻ കൈമാറി. ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെ ആഘോഷങ്ങൾക്കു നന്മയുടെ മുഖം നൽകുന്നതാണ് അസോസിയേഷന്റെ പ്രവൃത്തിയെന്നു ഫാ. ഡേവിസ് ചിറമ്മൽ പറഞ്ഞു.

അസോസിയേഷൻ ജില്ലാ ചെയർമാൻ എൻ.ടി. ജോബി അധ്യക്ഷത വഹിച്ചു. ഡപ്യൂട്ടി ചീഫ് എൻജിനീയർ വേണുഗോപാൽ, പി.സി. ജോൺ, പി.സി. സലിൽ, ടി.ബി. ജഗതി, കെ.വി. അബ്ദു, ബിജു ആർ. മൊയലൻ എന്നിവർ പ്രസംഗിച്ചു.

# ആകാശപ്പറവകളുടെ സ്നേഹാലയത്തിലേക്ക്.......

# ഒരുയാത്ര.

Er . **ആർ.കെ.നായർ**
അസി.എഞ്ചിനിയർ, ഇല.സർക്കിൾ, കാസർഗോഡ്

**നി**ർത്താതെ പെയ്യുന്ന ചാറ്റൽ മഴയുള്ള ഒരു ഞായറാഴ്ചയായിരുന്നു. ആകാശപ്പറവകളുടെ സ്നേഹാലയത്തിലേക്കുള്ള യാത്ര. 'ആന' വണ്ടിയിൽ സൈഡ് സീറ്റിൽ സ്ഥാനം പിടിച്ച് പുറംകാഴ്ചകൾ മടുപ്പില്ലാതെ കണ്ടു യാത്ര ചെയ്യവേ മനസ്സ് അറിയാതെ നൊമ്പരം കൊണ്ടു. തിരസ്ക്കരിക്കപ്പെട്ടവർക്ക് വേണ്ടി ജീവിതം ഉഴിഞ്ഞ് വെച്ച മുറിപ്പെട്ട മനസ്സുകൾക്ക് കാരുണ്യം തുളുമ്പുന്ന, പുഞ്ചിരിയുമായി ആശ്വാസം പകരുന്ന, വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കപ്പെട്ട മദർതെരേസയായിരുന്നു മനസ്സു നിറയെ. പുറത്ത് മഴ കനക്കുന്നു. ശരീരത്തിൽ ശീതക്കാറ്റ് തുളച്ചു കയറിയപ്പോൾ മനസ്സുണർന്നു. അമ്പലത്തറയ്ക്കടുത്തുള്ള സ്നേഹാലയത്തിൽ എത്തുമ്പോൾ കെ.എസ്.ഇ.ബി.ഇ.എയുടെ സജീവ മെമ്പറന്മാരെല്ലാവരും പലവഴിക്കായി എത്തിച്ചേർന്നിരുന്നു. ഒരു ജീവകാരുണ്യപ്രവർത്തിക്ക് പങ്കാളികളാവുന്നതിന്റെ സന്തോഷം എല്ലാവരിലും പ്രകടമായിരുന്നു. ജില്ലയിലെ ജീവകാരുണ്യ പ്രവർത്തകനായ ശ്രീ.അശോകന്റെ സാന്നിദ്ധ്യം ഏറെ സഹായമായി. ഇവിടുത്തെ ആകാശപ്പറവകളുടെ കൂട്ടുകാരൻ ബ്രദർ ഇമ്മാനുവൽ ഞങ്ങളെ സ്നേഹാലയത്തിലേക്ക് സ്വാഗതം ചെയ്യാനായി കാത്ത് നില്പുണ്ടായിരുന്നു. പാവപ്പെട്ടവർക്കുവേണ്ടി പ്രവർത്തിക്കുമ്പോൾ ഞാനും അവരിൽ ഒരാളാവണം എന്ന് നമ്മേ ബോധ്യപ്പെടുത്തുന്ന മുഖഭാവവും വസ്ത്രധാരണവും സ്നേഹാലയത്തെക്കുറിച്ച് കൂടുതൽ അറിയാൻ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ ഒരു നിമിഷം അദ്ദേഹം പ്രാർത്ഥനയിൽ മുഴുകി. പിന്നെ പതുക്കെ കണ്ണു തുറന്ന് വാചാലനായി. ദിവ്യ കാരുണ്യ ചാരിറ്റബിൾ ട്രസ്റ്റ് എന്ന ഒരു കത്തോലിക്ക സന്യാസ സഭയുടെ കീഴിലാണ് ഇത് പ്രവർത്തിക്കുന്നത്. ഫാദർ ജോർജ്ജ് കുറ്റിക്കൽ ഇതിന്റെ ആത്മീയ ഗുരു. കേരളത്തിനകത്തും പുറത്തുമായി പത്തോളം പുനരധിവാസ കേന്ദ്രം ഈ ട്രസ്റ്റിന്റെ കീഴിൽ പ്രവർത്തിക്കുന്നു.

സേവന സന്നദ്ധരായവരെ വേണ്ട രീതിയിലുള്ള പരിശീലനത്തിനുശേഷം ആകാശപ്പറവകളുടെ കൂട്ടുകാരൻ എന്ന വിശേഷണത്തിൽ അറിയപ്പെടുകയും, വൃദ്ധ മന്ദിരങ്ങളിലും, കുഷ്ഠരോഗ കേന്ദ്രങ്ങളിലും തുടങ്ങി ചാരിറ്റിയുടെ മറ്റു പുനരധിവാസ കേന്ദ്രങ്ങളിലും നിയമിക്കുന്നു. ജീവിതം സേവനമാക്കിയിട്ടുള്ള ഇവർ ജീവിതത്തിന്റെ വഴിത്തിരുവിൽ എത്തി മുന്നോട്ട് പോകാൻ വഴിയറിയാതെ വിഷണ്ണരായി നിൽക്കുന്നവരെ 'ഇതിലേ ഇതിലെ' എന്ന് ഏറ്റു പറഞ്ഞ് നല്ല പൗരന്മാരായി വളരാൻ സഹായിക്കുന്നു. ഇവിടെ അനാഥരായ മനോരോഗികളും, വയോവൃദ്ധന്മാരും, മറ്റു രോഗികളുമടക്കം 143 മക്കൾ (ദൈവത്തിന്റെ മക്കൾ എന്നാണ് അഗതികൾ അറിയപ്പെടുന്നത്) പല ബ്ലോക്കുകളിലായി താമസിക്കുന്നു. കുറെ ദുഃഖ കഥകളുമായി ആർക്കും വേണ്ടാത്തവരായി, ഓരോ ബ്ലോക്കിന്റെ ചുമരിലും എഴുതി വെച്ചിരിക്കുന്നത് ശ്രദ്ധിച്ചു. 'തകർന്ന ജീവിതങ്ങൾക്ക് തണലായി, പുറംതള്ളപ്പെട്ടവന് അഭയമേകി' ആ വാക്കുകൾ നമ്മേ തെല്ലൊന്നലോസരപ്പെടുത്തും തീർച്ച! ഓരോ ബ്ലോക്കിലും നല്ല വൃത്തിയും വെടിപ്പും.വൃദ്ധന്മാരുടെ ബ്ലോക്കിൽ എത്തിയപ്പോൾ വളരെ സൗമ്യനായ, തല മുഴുവൻ നരച്ചൊരു മനുഷ്യൻ ഓമനത്വം തുളുമ്പുന്ന പുഞ്ചിരിയോടെ ഞങ്ങൾക്ക് കൈ തന്നു. ചിലർ സംശയ ദൃഷ്ടിയോടെ ഈ പുത്തനടുപ്പക്കാരെ വീക്ഷിച്ചു. വിഷാദം മുറ്റി നിന്ന മുഖഭാവത്തോടെ ഒരാൾ ഒഴിഞ്ഞുമാറി.

എല്ലാവർക്കും പറയാനുണ്ടായിരുന്നത് ഓരോ ദുഃഖകഥകൾ. മക്കളെ വളർത്തി വലുതാക്കിയപ്പോൾ പരിഷ്കാരം കുറഞ്ഞതിന്റെ പേരിൽ വീട്ടിൽ നിന്നും ആട്ടിപ്പായിക്കപ്പെട്ടവർ, മക്കളുടെ പീഡനം മൂലം സ്വയം വീട് വിട്ടവർ, ജപ്തി നടപടികളിലൂടെ കിടപ്പാടം നഷ്ടപ്പെട്ട് തെരുവിൽ ഇറങ്ങേണ്ടി വന്നവർ, ആശുപത്രികളിൽ ഉപേക്ഷിക്കപ്പെട്ടവർ, ഇങ്ങനെ പട്ടിക നീളുന്നു.

ഓണസദ്യയേക്കാൾ ഒരിറ്റ് സ്നേഹവും, സ്നേഹത്തോടെയുള്ള വാക്കുകളുമാണ് വേണ്ടത് എന്ന് തോന്നിക്കുന്ന ദയനീയമായ നോട്ടങ്ങൾ കണ്ടില്ലെന്ന് നടിച്ച് ഇടുങ്ങിയ ഇടനാഴിയിലൂടെ പുറത്തിറങ്ങി. തൊട്ടടുത്ത മെയിൻബ്ലോക്കിലേക്ക്, ഇവിടത്തെ പ്രവേശന കവാടം അടച്ചിട്ടിരിക്കുകയാണ്. എവിടെയോ വെച്ച് ജീവിതത്തിന്റെ താളം നഷ്ടപ്പെട്ട കുറെ ചെറുപ്പക്കാർ. ചിലർ അശോകനെ കണ്ടപ്പോൾ സ്നേഹത്തോടെ കൈതന്നു. ചിലർ കൈകൂപ്പി നമസ്ക്കാരം പറഞ്ഞു. ക്യാമറ കൈയിലെടുത്തപ്പോൾ ബ്രദർ ഇമ്മാനുവൽ സ്നേഹത്തോടെ വിലക്കി. ഇവിടെ ഫോട്ടോ പാടില്ല. ചിലപ്പോൾ ചിലർ ഫ്ളാഷ്ലൈറ്റ് കണ്ടാൽ അക്രമസ്വഭാവം കാണിക്കും. അകത്തേക്ക് കടന്നപ്പോൾ ടിവിക്ക് ചുറ്റും ഇരുന്ന് കുറച്ചു പേർ സിനിമ കാണുന്നു. ചിലർ ചിരിക്കുന്നു. ചിലർ കരയുന്നു. ചിലർ അടിച്ചുപൂസായതുപോലെയുള്ള മുഖഭാവത്തോടെ ഇരിക്കുന്നു, ഒരാൾ പരവശനായി ജീവനില്ലാത്തതുപോലെ കിടക്കുന്നു. തൊട്ടടുത്ത പ്രത്യേക സെല്ലിൽ അക്രമസ്വഭാവം കാണിക്കുന്നവരെ പാർപ്പിച്ചിരിക്കുന്നു. പേടിപ്പെടുത്തുന്ന മുഖഭാവം. മനസ്സ് ഒന്ന് പതറിയോ. എത്രയും പെട്ടെന്ന് പുറത്ത് കടക്കാൻ ആഗ്രഹം തോന്നി. അപ്പോഴേക്കും ഓണസദ്യ റെഡിയായി എന്ന് അറിയിപ്പ്. അടുക്കളയിൽ നിന്നെത്തി. ബ്രദർ ഞങ്ങളെ അടുക്കളയിലേക്ക്നയിച്ചു. ഭക്ഷണം വിളമ്പുന്നതിന് മുമ്പ് പ്രാർത്ഥനയ്ക്ക്വേണ്ടി അല്പസമയം.'പ്രാർത്ഥിക്കാതെയിരുന്നുവെങ്കിൽ ഞാൻ എത്രയോ മുമ്പ് ഭ്രാന്തനായിത്തീർന്നു പോകുമായിരുന്നു'എന്ന് ഗാന്ധിജി പറഞ്ഞ വാക്കുകൾ ഓർമ്മയിൽ ഓടി വന്നു.

ആകാശപ്പറവകൾക്ക് ചുറ്റുമിരുന്ന് അവരിൽ ഒരാളായി ഭക്ഷണം കഴിച്ചപ്പോൾ വല്ലാത്ത ഒരു വിഷാദം എന്നെ അസ്വസ്ഥനാക്കി. ഒടുവിൽ യാത്ര പറഞ്ഞ് മടങ്ങവേ ഒരോ മുഖവും മനസ്സിൽ മായാതെ തെളിഞ്ഞ് വന്ന് എന്നെ അലോസരപ്പെടുത്തി, തളങ്കരയിലെ ജോസ്, രാജപുരത്തെ കുഞ്ഞിരാമൻ, തലശ്ശേരിയിലെ ഫ്രാൻസിസ്, അടുക്കളയിലെ മാധവൻ, അക്കിനസ്...പേരുകൾ തീരുന്നില്ല.

ഒറ്റപ്പെടലിന്റെയും അനാഥത്വത്തിന്റെയും മുറിപ്പാടുകൾ തുടച്ചു നീക്കി സ്നേഹാലയം വളരുകയാണ്. ✵




സ്നേഹാലയത്തിലെ ആകാശപ്പറവകൾക്കൊപ്പം ഓണസദ്യയുണ്ണുന്ന കാസർഗോഡ് യൂണിറ്റിലെ എഞ്ചിനിയേഴ്സ് അസോസിയേഷൻ മെമ്പർമാർ

# ENGINEERS DAY CELEBRATION 2010

Engineers Day celebration was conducted by all units on 15th September 2010. Reports from the units are as follows.

**Trivandrum unit:-**

Celebrated Engineers day at Engineers House, Trivandrum. The function was presided by our President Er. G.S.Ajikumar. Dr.Das Gupta.HOD of Mohan Das Engineering College, Palode conducted a talk on 'Space Elevators'. Our members also participated in the Engineers' day celebration conducted by Institution of Engineers.

**Kollam Unit**

Celeberated Engineers day together with unit meeting.

**Pathanamthitta unit.**

Celebrated Engineers Day

**Moozhiyar Unit**

Observed Engineers' Day. Er. Muhammed Ali Rawther, Er. K. Radhakrishnan and Er. C.P. George delivered lecture on the theme subject.

**Kottayam Unit**

Celebrated Engineers day at Kottayam Trade Centre. Er.Dr.Thomas kutty Mathew presented a paper on 'Impending Paradigm Shift in Engineering Science and Future Challenges. Prof.Er.A.T.Kuncheria, Principal Rajeev Gandhi Institute of Technology, Pampady, Prof.Er.M.C.Phlipose, Principal,St.Gits Engineering College, Pathamuttam, Er.Rajan, Manager, MRF Kottayam and Er.Rameshkumar, District Electrical Inspector, Kottayam were participated in the discussion.

**Ernakulam unit**

Conducted a seminar on "Induction Lighting". Er. Rajan babu( Rtd. Chief Electrical Inspector) ,Navas Ebin Mohammed(Govt. Engineering college, Trivandrum), and Dean Israel and Dijo George (TKM college of Engineering, Kollam), presented papers. Honored Senior Engineers with ponnada

**Alappuzha Unit.**

The Engineers' day celebrations inaugurated by Dr. Chandra Chooden Nair, Director, Institute of Management & Technology, Punnapra. He also given the key

note address on the topic " Impending paradigm shift in Engineering science and

future challenges". he facilitations given by Er. Gangadhara Kurup, Consultant, CEMP (Rtd. EE, KSEB)Er. K. Mohanan, Project Manager, CEMP,Er. Gopalakrishna Kurup, Rtd. CE, PWD,Er. Gireeshan, Rtd. EE, KSEB Er. Rooben Varghese, HOD, Civil Engg. CEMP,Er. KJ Abdul Vahid, KSEBEA.A large group including students, teachers, engineers from various organizations attended the function.

**Thrissur Unit.**

Celebrated Engineers Day. Collected fund from Members and handed over an amount of Rs.50,000/- to Kidney Foundation of India as Charity movement. Fund handed over by Er.K.R.Brahmadathan to Rev.Davis Chiramel.Er.K.Venugopalan presentede the Engineers Day message.

**Palakkad Unit**

Celebrated Engineers Day. Er..K.Valsakumari presented the theme subject. Er.K.C.UnniRaja, Er.A.K.Sudhakaran and Er.P.Sethumadhavan participated in the discussion.

## Kozhikode Unit

Celebrated engineers day at Hotel Grande, Kozhikode. The function was presided by Er. Cherian Varghese, Chief Engineer, Transmission (North). Er. Gopalakrishnan K, Chief Engineer Distribution North inaugurated the function. Dr. C Sobhan, Dean- C & SR, NIT, Calicut has given a informative talk on "NANO TECHNOLOGY - APPLICATIONS IN THE ENERGY SECTOR".

## Kannur Unit

Celebrated Engineers day

## Kasargod Unit.

Celebrated Engineers Day. The engineers from various department in the district were present in the occasion. Er.Aboobacker Kadengal, Asst. Prof. in Department of Mechanical Engineering, LBS college of Engineering, Kasargod, conducted a class on "Impending Paradigm shift in Engineering Science and future challenges".




Kozhikode unit conducted Engineers day 2010 on September 15 at Hotel Grande, Kozhikode.




View of Engineers' Day Celebration 2010 by Kottayam Unit .Prof.Er.M.C.Phlipose, Principal,St.Gits Engineering College, Pathamuttam Prof. Er.A.T.Kuncheria, Principal Rajeev Gandhi Institute of Technology, Pampady,Er.Rajan, Manager, MRF Kottayam (standing), Er.Rameshkumar, District Electrical Inspector and Er.John Thomas, EE (Chairman, Kottayam Unit) are in the dais.

# ER. BRHMADATHAN PASSED AW AY



Er. K.R Brahmadathan, Retd Chief Engineer, World bank Project, left on his heavenly abode on 17/09/2010, leaving all of us in deep grief and sorrow- An irreparable loss to our Association. He has been a very sincere and ardent member of the association, who has served the association in various capacities, and a person who stood with the association during peaks and troughs.

Belonging to the Kossery family in Ollur, Thrissur, he graduated in Electrical Engg from Govt. Engineering College, Thrissur in the year 1965. He joined KSEBoard in the year 1966 and till his retirement in 1998, he put in dedicated and meritorious service in all the sectors of KSE Board, right from Assistant Engineer to Chief Engineer- An eminent engineer, sincere social worker, an active sports man, a reliable adviser, he has always served with atmost commitment and dedication to the organization. He was a role model to all who had associated with him. Even after retirement, he was very active in our Association as well as the social/ cultural circles of Thrissur District till he breathed last. He was the Executive Director of Vidya National Charitable Trust, Thrissur. In the charity front he had gone a step forward by opening a free medical clinic for the poor.

The community living concept at Poomala, Thrissur is his brain child and this has given birth to Poomala cottages in Thrissur to facilitate community living during old age. After retirement, he was keenly involved in conducting Yoga classes and was the 'Yogacharya' of about 55 centers, including Australia, Abu Dhabi and Dubai.

His wife Mrs. Krishnaveni Bramhadathan is a homemaker. Children are Mrs.Nitha Roy, Dr.Anudath and Dr. Minudath.

As far as our Association is concerned, especially the Trichurians, the untimely demise of Er. K.R. Brahmadathan has inflicted a deep wound in our hearts which can never be healed. A person with high integrity, he has lived as a true Engineer till his last breath.

Let us all join the bereaved family and may his soul rest in peace.

# FAREWEL



Er.J.Aswinikumar, Deputy Chief Engineer, O/o the Chief Engineer, Trans south, Trivandrum has retired on Superannuation on 31.8.2010. He joined in KSEB as Assistant Engineer after resigning from Indian Engineering service. He worked mostly in Transmission and Protection Relay wing. He is instrumental in bringing new developments in the field of metering and relays, Standardization of Transmission works, Specification updation etc. He is an active member of our association and participated in all activities.

The KSEB Engineers Association wished him a happy and peaceful retirement life.

# OBITUARY



Er.Jacob Mammen, retired Dy. Chief Engineer passed away on 30.8.2010 in his residence at Trivandrum. He joined in KSEB as Junior Engineer in Electrical Section, Ponkunnam and retired from service as Dy. Chief Engineer from O/o the Chief Engineer (D-S) on 31.12.1983. He was 81 years. During the epic struggle in 1974, he was arrested while working as Asst. Executive Engineer at Moozhiyar Power House.

The association expresses its deep condolence to his bereaved family.

എഞ്ചിനിയേർസ് ദിനാചരണത്തോടനുബന്ധിച്ച് എറണാകുളം യൂണിറ്റ് സംഘടിപ്പിച്ച ചടങ്ങിൽ വച്ച് സീനിയർ എഞ്ചിനിയറായ ശ്രീ.ഗോപാലകൃഷ്ണൻ നായരെ പൊന്നാട അണിയിച്ച് ആദരിക്കുന്നു.



September 2010 Registration No.KL/TV(N)/229/2009-11 PRICE Rs.5/- Licensed to Post without Prepayment - No.KL/TV(N)WPP/65/2009 -11

**KERALA STATE ELECTRICITY BOARD ENGINEERS ASSOCIATION**
ENGINEERS HOUSE, T.C 26/1300, PANAVILA, TRIVANDRUM - 695 001
PHONE. 0471-2330696, FAX : 0471-2330853




എഞ്ചിനിയേർസ് ദിനാചരണത്തോടനുബന്ധിച്ച് ആലപ്പുഴ യൂണിറ്റ് സംഘടിപ്പിച്ച ചടങ്ങിൽ സംസ്ഥാന ജനറൽ സെക്രട്ടറി എഞ്ചിനിയർ ജോർജ്ജ് മാത്യൂ പങ്കെടുത്തു സംസാരിക്കുന്നു.



എൻജിനിയേഴ്സ് ദിനത്തോടനുബന്ധിച്ച് കെ.എസ്.ഇ.ബി എൻജിനിയേഴ്സ് അസോസിയേഷൻഅംഗങ്ങളിൽ നിന്ന് സമാഹരിച്ച തുക കിഡ്ണി ഫെഡറേഷൻ ഓഫ് ഇന്ത്യ ചെയർമാൻ റവ.ഫാ.ഡേവിസ് ചിറമ്മലിന് എഞ്ചിനിയർ കെ.ആർ.ബ്രഹ്മദത്തൻ കൈമാറുന്നു.

Edited, Printed & Published by Er. S.Geetha Kumari, Chief Editor, Hydel Bullet for and on behalf of KSEB Engineersí Association at Bhagath, Marappalam, Pattom, Thiruvananthapuram - 4 Ph: 2540035, website : http/www.ksebea.org/ksebea.in